

# ഹോളി ട്രിനിറ്റി അഡോറേഷൻ കോൺവെന്റ് മുപ്ലിയം

സ്ഥാപനം : 1988

ദിവ്യകാരുണ്യഭക്തി പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1988-ൽ ആരംഭിച്ചതാണ് മുപ്ലിയം മഠം. മഠത്തിനുവേണ്ടി പലരിൽ നിന്നായി അഞ്ചര ഏക്കർ സ്ഥലം വാങ്ങിച്ചു. അവിടെയുണ്ടായിരുന്ന കെട്ടിടത്തിൽ 1988-ൽ സിസ്റ്റേഴ്സ് താമസമാരംഭിച്ചു. ഒരു CBSE സ്ക്കൂൾ സ്വപ്നം കണ്ടുകൊണ്ട് 2002-ൽ LKG, UKG ക്ലാസ്സുകൾക്കു തുടക്കമിട്ടു. 2003-ൽ അത് 7-ാം ക്ലാസ്സുവരെ എത്തി. ഇന്നത് വളർന്ന് ഹയർ സെക്കന്ററി വിഭാഗം പൂർത്തിയായിരിക്കുന്നു. കാലപ്പഴക്കത്തിൽ ജീർണ്ണിച്ച പഴയ കെട്ടിടം പൊളിച്ചു മാറ്റി എല്ലാ സൗകര്യങ്ങളോടും കൂടി പുതിയ ഭവനം നിർമ്മിച്ച് സിസ്റ്റേഴ്സ് അവിടെ താമസിക്കുന്നു. സ്ക്കൂളിനാവശ്യമായ കെട്ടിടങ്ങളും, ഇതരസൗകര്യങ്ങളും യഥാകാലം നിർമ്മിച്ചിരുന്നു. സ്ക്കൂളിൽ മാത്രമല്ല ഇടവകയുടെ എല്ലാ പ്രവർത്തന മണ്ഡലങ്ങളിലും ബ. വികാരിയുമായി കൈകോർത്ത് പ്രവർത്തിക്കുന്നതിൽ സിസ്റ്റേഴ്സ് മുൻപന്തിയിലുണ്ട്. ബ. വികാരിമാരിൽ നിന്നും ലഭിക്കുന്ന സഹായവും, പ്രോത്സാഹനവും ഒരിക്കലും വിസ്മരിക്കാവതല്ല.